**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 152** **29-07-2021 - ൽ മറുപടിയ്ക്ക്**

**സാമ്പത്തിക പുനരുജ്ജീവന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. എൻ.കെ. അക്ബർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നികുതി വരുമാനം കുറയുന്ന സാഹചര്യത്തിൽ സർക്കാർ ചെലവും കുറഞ്ഞാൽ അത് ഗുരുതരമായ സാമ്പത്തിക മാന്ദ്യത്തിന് വഴിവെക്കുമെന്ന് കരുതുന്നുണ്ടോ; | (എ) | പ്രകൃതി ദുരന്തങ്ങളും കേന്ദ്ര സർക്കാർ അനുവർത്തിച്ച വികലമായ നയങ്ങളും വേണ്ടത്ര അവധാനതയില്ലാതെ ചരക്ക് സേവന നികുതി നടപ്പിലാക്കിയതും ചരക്ക് സേവന നികുതി വരുമാന നഷ്ടത്തിനുള്ള നഷ്ടപരിഹാരം കൃത്യ സമയത്ത് നൽകാത്തതും മുൻവർഷങ്ങളിൽ സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഏർപ്പെടുത്തിയ ലോക്ക്ഡൗണും തുടർന്നുള്ള നിയന്ത്രണങ്ങളും മേൽ പരാമർശിത നയങ്ങളുടെ തുടർച്ചയും നടപ്പ് സാമ്പത്തിക വർഷവും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇതോടൊപ്പം കോവിഡ് പ്രതിരോധത്തിൽ മുന്നണിയിൽ നിൽക്കുന്ന സംസ്ഥാന സർക്കാരുകൾക്ക് ആവശ്യമായതും അർഹതപ്പെട്ടതുമായ സാമ്പത്തിക സഹായം നൽകുന്നതിൽ കേന്ദ്ര സർക്കാർ തുടരുന്ന നിസ്സംഗതയും കോവിഡ് സംസ്ഥാനത്ത് സൃഷ്ടിച്ച സാമ്പത്തിക പ്രതിസന്ധി കൂടുതൽ ഗൗരവതരമാക്കിയിരിക്കുന്നു. മേൽ പ്രതിപാദിത വിഷമഘട്ടത്തിൽ സാധാരണ ജനജീവിതവും പൊതുജന ആരോഗ്യ സംരക്ഷണവും ഉറപ്പു വരുത്തുന്നതിനാണ് സർക്കാരിന്റെ പ്രഥമ പരിഗണന. അതിനാൽ സാമൂഹ്യ ക്ഷേമ, ആരോഗ്യ മേഖലകളിൽ അധിക ചെലവ് വഹിക്കേണ്ടത് സർക്കാരിന്റെ കടമയാണ്. ആയത് പരിഗണിക്കുമ്പോൾ ഉയർന്ന വരുമാന കമ്മിയും ധനകമ്മിയും ഉണ്ടാകുവാൻ സാദ്ധ്യതയുണ്ട്. അങ്ങനെയൊരു സാഹചര്യത്തിലും സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയിലെ ആവശ്യങ്ങൾക്ക് പണം ഉറപ്പു വരുത്തുവാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. |

| | | | |
|---|---|---|---|
| | | | ഇതിനായി ബജറ്റിന് പുറത്ത് നിന്നും പണം കണ്ടെത്തേണ്ടതുണ്ട്. അത് കൊണ്ട് തന്നെ ഈ ലക്ഷ്യം മുൻനിർത്തി രൂപീകരിച്ച കിഫ്ബിയുടെ പ്രവർത്തനങ്ങൾ ഉദ്ദേശ ലക്ഷ്യ പൂർത്തീകരണത്തിന് ഉതകുന്ന രീതിയിൽ തുടരുന്നതാണ്. |
| (ബി) | സാമ്പത്തിക വളർച്ച തിരിച്ചുപിടിക്കാൻ ചെലവുകൾ ഉയർത്തേണ്ടത് അനിവാര്യമായ സാഹചര്യത്തിൽ സർക്കാർ പ്രഖ്യാപിച്ച ഇരുപതിനായിരം കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജിൽ എന്തെല്ലാം ഘടകങ്ങളാണ് ഉൾക്കൊള്ളുന്നതെന്ന് അറിയിക്കാമോ; | (ബി) | ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുകയെന്നതാണ് നിലവിലെ സാമ്പത്തിക മാന്ദ്യത്തിനുള്ള പരിഹാരം എന്നു തന്നെയാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അതുകൊണ്ടുതന്നെ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല നടപടികളാണ് സർക്കാർ വിഭാവനം ചെയ്തിരിക്കുന്നത്. കോവിഡ്-19 രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്ന് വരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പാക്കേജിലൂടെ ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനായി 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കൈയിലെത്തിക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായി 8300 കോടി രൂപയും ലഭ്യമാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |
| (സി) | സാമ്പത്തിക പുനരുജ്ജീവന വായ്പ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ; ഇത്തരം വായ്പ പദ്ധതികളിൽ പലിശയിളവ് നൽകുന്നുണ്ടോ? | (സി) | പ്രാഥമിക സഹകരണ സംഘങ്ങളെയും വണിജ്യ ബാങ്കുകളെയും ഉപയോഗപ്പെടുത്തികൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കും. പലിശയുടെ ഒരു ഭാഗം സംസ്ഥാന സർക്കാർ വഹിക്കും. നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെ സാദ്ധ്യത പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതാണ്. കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പ്രഖ്യാപിച്ചിട്ടുള്ള വായ്പാ പാക്കേജുകളുടെ സാദ്ധ്യതയും പരമാവധി ഉപയോഗപ്പെടുത്തും. സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതിക്ക് മൂന്ന് ഘടകങ്ങൾ ഉണ്ടായിരിക്കുന്നതാണ്. i.Cooperative Initiative for Agriculture Infrastructure in Kerala (CAIK) കാർഷിക മേഖലയുടെ വികസന പ്രക്രിയയിലെ ഒരു പ്രധാന തടസ്സം മൂലധന രൂപീകരണത്തിന്റെ അഭാവമാണ്. മെച്ചപ്പെട്ട നിക്ഷേപ വായ്പാ സംവിധാനം ഒരുക്കിയാൽ സ്വകാര്യ മൂലധന രൂപീകരണം വർദ്ധിപ്പിച്ച് പ്രാദേശിക വിപണികൾ, ഗോഡൗണുകൾ, കോൾഡ് ചെയിൻ സൗകര്യങ്ങൾ എന്നിവയും പൈനാപ്പിൾ, വാഴപ്പഴം, മാമ്പഴം മുതലായ പഴവർഗ്ഗങ്ങളുടെ സംസ്കരണ കേന്ദ്രങ്ങളും |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുന്നതിന് കഴിയും. ഇതിലൂടെ പഴം പച്ചക്കറി മാർക്കറ്റുകൾ, ആധുനിക മത്സ്യ വിപണന സൗകര്യങ്ങൾ, ശുചിത്വമുള്ള ഇറച്ചി വില്പന സൗകര്യങ്ങൾ, കാർഷിക ഉൽപന്നങ്ങളായ പച്ചക്കറികൾ, പാൽ, മാംസം, മത്സ്യം എന്നിവയുടെ സംസ്കരണ കേന്ദ്രങ്ങൾ, മാർക്കറ്റിങ് തുടങ്ങിയ മേഖലകളിൽ ഇടപെടാൻ കഴിയും. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് (PACS) നാല് ശതമാനം പലിശ നിരക്കിൽ നബാർഡിൽ നിന്നുള്ള പശ്ചാത്തല സൗകര്യ പുനർ വായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കും. 2021-22 സാമ്പത്തിക വർഷത്തിൽ 2000 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതാണ് ഉദ്ദേശ്യം. ii.തൊഴിൽ സംരംഭങ്ങൾക്കുള്ള വായ്പാപദ്ധതി കാർഷിക- വ്യാവസായിക- സേവനമേഖലകളി ൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത സംരംഭങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും വാണിജ്യ ആവശ്യങ്ങൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കും. 2021-22ൽ 1600 കോടി രൂപയുടെ വായ്പ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. iii. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് വായ്പ 2021-22 സാമ്പത്തിക വർഷത്തിൽ ചുരുങ്ങിയത് 1000 കോടി രൂപയുടെ ബാങ്ക് വായ്പ കുടുംബശ്രീ വഴി അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു.5 ലക്ഷം രൂപ വരെയുള്ള വായ്പയെല്ലാം 4 ശതമാനം പലിശ നിരക്കിൽ ലഭ്യമാക്കും. മേൽ പറഞ്ഞ വായ്പാ പദ്ധതികളുടെ പലിശ ഇളവ് വഹിക്കുന്നതിനായി 100 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ